*Kerala Catholic Bishops' Council's*

# Commission for Social Harmony and Vigilance

Pastoral Orientation Centre, Palarivattom,Kochi-25,Ph: 0484 2806262, kcbcshv@gmail.com

172nd Issue - Volume 5, No. 6 ജാഗ്രത 21st February 2011


"കൊല്ലരുത്; കൊല്ലുന്നവൻ ന്യായവിധിക്ക് അർഹനാകും എന്ന് പൂർവ്വികരോടു പറയപ്പെട്ടതായി നിങ്ങൾ കേട്ടിട്ടുണ്ടല്ലോ. എന്നാൽ, ഞാൻ നിങ്ങളോടു പറയുന്നു: സഹോദരനോടു കോപിക്കുന്നവൻ ന്യായവിധിക്ക് അർഹനാകും."

(മത്തായി 6:25)

**Commission Chairman**
Bp. Mar Thomas Chakiath

**Vice Chairmen**
Bp. Joshua Mar Ignathios
Bp. Dr. Vincent Samuel

**Commission Secretary**
Fr. Philip Nelpuraparambil




SAINT SIMON

## പ്രധാന വാർത്തകൾ

ലോകം നിലനിൽക്കുന്നത് ഈശ്വരകാരുണ്യത്താൽ: കാതോലിക്കാ ബാവ

---

മുഹമ്മദ്നബിയുടെ ജീവിതസന്ദേശം മാനവ ഐക്യത്തിന് ശക്തിപകർന്നു: ഡോ. ജോഷ്വാ മാർ ഇഗ്നാത്തിയോസ്

---

മനുഷ്യന്റെ സമഗ്രവളർച്ച സഭയുടെ ലക്ഷ്യം: മാർ ജോസഫ് പവ്വത്തിൽ

---

കുടുംബം ദൈവത്തിന്റെ ദാനം: ഡോ.സെൽവിസ്റ്റർ പൊന്നുമുത്തൻ

---

വിദ്യാഭ്യാസമേഖലയിലെ പുതിയ പരിഷ്കാരങ്ങൾ മൂല്യത്തകർച്ചയിലേക്ക് നയിക്കുന്നു: മാർ ജേക്കബ് മനത്തോടത്ത്

---

വാരാന്ത്യവീക്ഷണം

കേരളത്തിൽ കുടുംബങ്ങളെ ഒന്നിപ്പിക്കാൻ സഹായകരമായ നീക്കം

## ലോകം നിലനിൽക്കുന്നത് ഈശ്വരകാരുണ്യത്താൽ: കാതോലിക്കാ ബാവ

---



ലോകം നിലനിൽക്കുന്നത് ഒരു മതം കൊണ്ടു മാത്രമല്ല, സർവേശ്വരന്റെ കാരുണ്യം കൊണ്ടു മാത്രമാണെന്ന തിരുവനന്തപുരം മേജർ ആർച്ച് ബിഷപ് മാർ ബസേലിയോസ് ക്ലീമിസ് കാതോലിക്കാ ബാവ. ഗാന്ധിപാർക്കിൽ നടന്ന നബിദിന മഹാ സമ്മേളനത്തിന്റെ സമാപന ചടങ്ങിൽ പ്രസംഗിക്കുകയായിരുന്നു അദ്ദേഹം. ഈശ്വരകടാക്ഷം കൊണ്ടാണ് പുണ്യജന്മങ്ങൾ നമുക്കുണ്ടാകുന്നത്. ആചാര്യന്മാരുടെ പവിത്രമായ ജന്മം കൊണ്ടും ജീവിതം ദർശനം കൊണ്ടും അനുഗ്രഹീതമായ ഒരു പൈതൃകം നമ്മിലുണ്ട്. ആപൈതൃകത്തിന്റെ ഒരു പ്രത്യേക മുഹൂർത്തത്തിൽ ആണ് നാമിന്ന് നബി തിരുമേനിയുടെ ജന്മദിനം ആഘോഷിക്കുന്നത്. ദൈവം അയച്ച പ്രവാചകൻ ആണ് നബി തിരുമേനി. സനാതന ധർമത്തെക്കുറിച്ചും മനുഷ്യനോട് കാണിക്കേണ്ട മനോഭാവത്തെക്കുറിച്ചും വ്യക്തമായ ദർശനം പ്രബോധനമായി നബി നമുക്ക് നൽകിയെന്നും കാതോലിക്ക ബാവ കൂട്ടിച്ചേർത്തു. സ്നേഹവും കരുണയും വറ്റിപ്പോയ ഒരു കാലഘട്ടത്തിലാണ് പ്രവാചകനായ നബി തിരുമേനി ജന്മം കൊണ്ടത്. ദൈവത്തിന്റെ കരുണയും നീതിയും ലോകത്തോട് പറയുന്നതിന് ദൈവം നബിയെ ഉപയോഗിച്ചു. ക്രിസ്തുവിനെക്കുറിച്ചും നബിയെക്കുറിച്ചും ശ്രീരാമനെക്കുറിച്ചും അനേകം നന്മകൾ പറയുന്നതിന് നമുക്ക് കഴിയും. ഈ മഹാനുഭാവന്മാരുടെ ജീവിതക്രമം സ്വന്തം ജീവിതത്തിൽ പ്രാവർത്തികമാക്കി ലോകത്തിന് നൽകാൻ കടപ്പെട്ടവരാണ് നമ്മളെന്നും അദ്ദേഹം പറഞ്ഞു.

## മുഹമ്മദ്നബിയുടെ ജീവിതസന്ദേശം മാനവ ഐക്യത്തിന് ശക്തിപകർന്നു: ഡോ. ജോഷ്വാ മാർ ഇഗ്നാത്തിയോസ്

---



പ്രവാചകൻ മുഹമ്മദ് നബിയുടെ ജീവിതസന്ദേശം ലോകജനതയ്ക്ക് അനുഗ്രഹമേകുന്നതിനൊപ്പം മാനവ ഐക്യത്തിന് ശക്തിയേകുന്ന മഹത്തായ സന്ദേശങ്ങളായി തീർന്നെന്ന് ഡോ. ജോഷ്വാ മാർ ഇഗ്നാത്തിയോസ് മെത്രാപ്പോലീത്ത. മുസ്‌ലിം യൂത്ത് മൂവ്മെന്റ് താലൂക്ക് കമ്മിറ്റി അറുനൂറ്റിമംഗലം ശാലേം അഗതിമന്ദിരത്തിൽ അഗതികൾക്ക് സ്നേഹ വിരുന്നൊരുക്കി സംഘടിപ്പിച്ച നബിദിനാഘോഷവും മാനവസൗഹൃദ സംഗമവും ഉദ്ഘാടനം ചെയ്യുകയായിരുന്നു മെത്രാപ്പോലീത്ത. കാരുണ്യത്തിന്റെ പ്രകാശദീപമാണ് മുഹമ്മദ്നബി, മനുഷ്യരിൽ ഇന്ന് അക്രമവാസന വളരാൻ കാരണം സാമൂഹ്യ പ്രതിബന്ധത നഷ്ടമായതും ഈശ്വരാരാധനയ്ക്ക് കുറവുസംഭവിച്ചതും മൂലമാണെന്നും മെത്രാപ്പോലീത്ത കൂട്ടിച്ചേർത്തു. ഇമാം നാസറുദ്ദീൻ മന്നാനി മുഖ്യപ്രഭാഷണം നടത്തി. യൂത്ത മൂവ്മെന്റ് ജില്ലാപ്രസിഡന്റ് നൗഷാദ് മാങ്കാംകുഴി അധ്യക്ഷത വഹിച്ചു. തഴക്കര പഞ്ചായത്ത് പ്രസിഡന്റ് അഡ്വ. കോശി എം.കോശി, ജില്ലാ പഞ്ചായത്തംഗം എം. ഓമനക്കുട്ടിയമ്മ, അഡ്വ. മുജീബ് റഹ്മാൻ, സിനിൽ മുണ്ടപ്പള്ളി, അഡ്വ. പി. ഷാജഹാൻ, കെ. അജി, സിസ്റ്റർ ഷൈനോ എന്നിവർ പ്രസംഗിച്ചു.

## മനുഷ്യന്റെ സമഗ്രവളർച്ച സഭയുടെ ലക്ഷ്യം: മാർ ജോസഫ് പവ്വത്തിൽ

---



മനുഷ്യന്റെ സമഗ്രവളർച്ചയാണ് സഭ ലക്ഷ്യം വയ്ക്കുന്നതെന്ന് ആർച്ച്ബിഷപ് മാർ ജോസഫ് പവ്വത്തിൽ. അതിരൂപത പിതൃവേദി- മാതൃജ്യോതിസ് സംഘടനകളുടെ ആഭിമുഖ്യത്തിൽ ത്രിതല പഞ്ചായത്ത് പ്രതിനിധികളുടെ സംഗമം എസ്ബി കോളജിലെ മാർ പടിയറ ഹാളിൽ ഉദ്ഘാടനം നിർവഹിച്ചു പ്രസംഗിക്കുകയായിരുന്ന ആർച്ച്ബിഷപ്. സഭാംഗങ്ങളായ ജനപ്രതിനിധികൾ സഭാ പ്രബോധനങ്ങൾ മനസിലാക്കി ക്രൈസ്തവസാക്ഷ്യം നൽകണമെന്നും മാർ പവ്വത്തിൽ ഉദ്ബോധിപ്പിച്ചു. ആദർശങ്ങൾ ബലികഴിക്കാതെ മനുഷ്യനന്മയ്ക്കുവേണ്ടി തീരുമാനമെടുക്കാനും സ്വജനപക്ഷപാതം കൂടാതെ പ്രവർത്തിക്കാനും ജന പ്രതിനിധികൾക്ക് കഴിയണമെന്നും മാർ പവ്വത്തിൽ കൂട്ടിച്ചേർത്തു. ആർച്ച്ബിഷപ് മാർ ജോസഫ് പെരുന്തോട്ടം അധ്യക്ഷത വഹിച്ചു. ചെറിയാൻ വർഗീസ് ക്ലാസ് നയിച്ചു. ഡയറക്ടർ ഫാ. സിറിയക് കോട്ടയിൽ,

ഫാ. മോബൻ ചൂരവടി, ജോസ് കൈലാത്ത്, മറിയാമ്മ ജോൺ, ആന്റണി പ്രാക്കുഴി, സാറാമ്മ ജോസഫ് എന്നിവർ പ്രസംഗിച്ചു.

### കുടുംബം ദൈവത്തിന്റെ ദാനം:
### ഡോ.സെൽവിസ്റ്റർ പൊന്നുമുത്തൻ

---



ദൈവത്തെ ആശ്രയിച്ചാൽ മാത്രമേ കുടുംബജീവിതം നന്മനിറഞ്ഞതാകുകയുള്ളൂവെന്ന് ഡോ. സെൽവിസ്റ്റർ പൊന്നുമുത്തൻ. പുനലൂർ രൂപതാ രജതജൂബിലി ആഘോഷങ്ങളുടെ ഭാഗമായി പത്തനാപുരം സെന്റ് സേവ്യേഴ്സ് ആനിമേഷൻ സെന്ററിൽ നടന്ന രൂപതാ ദമ്പതികൂട്ടായ്മ ഉദ്ഘാടനം ചെയ്തശേഷം സന്ദേശം നൽകുകയായിരുന്നു ബിഷപ്. കുടുംബം സമൂഹത്തിന്റെ നന്മയുടെ ഉറവിടമാണ്. കുടുംബം തകർന്നാൽ സമൂഹം ശിഥിലമാകുമെന്നും കുടുംബം ദൈവത്തിന്റെ ദാനമാണെന്നും ബിഷപ് കൂട്ടിച്ചേർത്തു.ദാമ്പത്യ ജീവിതത്തിന്റെ അടിത്തറ ഈശ്വരവിശ്വാസമാണെന്ന് രൂപതാ എപ്പിസ്കോപ്പൽ വികാരി മോൺ. വിൻസെന്റ് ഡിക്രൂസ് ആശംസാസന്ദേശത്തിൽ പറഞ്ഞു. ഈശ്വരവിശ്വാസം ജീവിത പ്രതിസന്ധിയിൽ ആശ്വാസമേകുമെന്ന് ദാമ്പത്യ ജീവിതവും ആധുനിക വെല്ലുവിളികളും എന്ന വിഷയത്തെക്കുറിച്ച് ക്ലാസ് നയിച്ച ഫാ. സാം ഷൈൻ ഉദ്ബോധിപ്പിച്ചു. മാതാപിതാക്കൾക്ക് മക്കളും മക്കൾക്ക് മാതാപിതാക്കളും താങ്ങായിരിക്കണമെന്ന് കുട്ടികളുടെ വിശ്വാസ പരിശീലനത്തിൽ മാതാപിതാക്കളുടെ പങ്ക് എന്ന വിഷയത്തെക്കുറിച്ച് ക്ലാസ് നയിച്ച ഫാ. ഫിൽസൺദാസ് പ്രതിപാദിച്ചു. ദാമ്പത്യ ജീവിതത്തിന്റെ രജതജൂബിലി ആഘോഷിക്കുന്ന രൂപതയിലെ വിവിധ ഇടവകകളിൽനിന്നുള്ള ദമ്പതിമാരെ ബിഷപ് ഡോ.സെൽവിസ്റ്റർ പൊന്നുമുത്തൻ ആദരിച്ചു. രൂപതാ രജതജൂബിലി ജനറൽ കൺവീനർ റവ. ഡോ. ക്രിസ്റ്റി ജോസഫ് സ്വാഗതവും ജോയിന്റ് കൺവീനർ അലക്സാണ്ടർ ലൂക്കോസ് നന്ദിയും പറഞ്ഞു.

### വിദ്യാഭ്യാസമേഖലയിലെ പുതിയ പരിഷ്കാരങ്ങൾ മൂല്യത്തകർച്ചയിലേക്ക് നയിക്കുന്നു:
### മാർ ജേക്കബ് മനത്തോടത്ത്

---



കേരളത്തിലെ വിദ്യാഭ്യാസരംഗത്ത് ഇപ്പോൾ വരുത്തുന്ന പരിഷ്കാരങ്ങൾ മൂല്യത്തകർച്ചയിലേക്ക് നയിക്കുന്നവയാണെന്ന് പാലക്കാട് രൂപതാമെത്രാൻ മാർ ജേക്കബ് മനത്തോടത്ത് അഭിപ്രായപ്പെട്ടു. ചേർത്തല സെന്റ് മേരീസ് ഗേൾസ് ഹൈസ്കൂളിന്റെ 78-ാം വാർഷികം ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു അദ്ദേഹം. മൂല്യബോധമുള്ള തലമുറയെ സൃഷ്ടിക്കുകയെന്നതാണ് വിദ്യാഭ്യാസത്തിന്റെ ലക്ഷ്യം. കേരളത്തിലെ വിദ്യാഭ്യാസരംഗത്ത് ഏറ്റവും കൂടുതൽ സംഭാവന നല്കിയത് ക്രൈസ്തവസമൂഹമാണ്. ജാതിമത ചിന്തകൾക്കതീതമായി ധാർമികബോധം വളർത്താൻ വിദ്യാഭ്യാസത്തിനു കഴിയണം. ഈ ലക്ഷ്യത്തോടെ ക്രൈസ്തവസമൂഹം പുതിയ തലമുറയെ രൂപപ്പെടുത്താൻ വർഷങ്ങളായി പരിശ്രമിക്കുകയാണ്. എന്നാൽ മാറിമാറിവരുന്ന സർക്കാരുകൾ വിദ്യാഭ്യാസമേഖലയിൽ വരുത്തുന്ന പരിഷ്കാരങ്ങൾ മൂല്യത്തകർച്ചയിലേക്ക് നയിക്കുന്നതാണ്. കാലഘട്ടത്തിന്റെ വെല്ലുവിളികളെ അതിജീവിക്കാൻ കഴിയുന്നതരത്തിൽ കുരുന്നുപ്രതിഭകൾക്ക് പരിശീലനം നല്കാൻ വിദ്യാഭ്യാസത്തിലൂടെ കഴിയണമെന്ന് അദ്ദേഹം പറഞ്ഞു. കേരളത്തിലെ വിദ്യാഭ്യാസരംഗത്ത് ക്രൈസ്തവസഭ നല്കുന്ന സംഭാവനകൾ ഭാരതത്തിലെ മറ്റുസംസ്ഥാനങ്ങൾക്ക് മാതൃകയാണെന്നും അദ്ദേഹം ചൂണ്ടിക്കാട്ടി. മാനേജർ ഫാ. സെബാസ്റ്റ്യൻ മാണിക്കത്താൻ അധ്യക്ഷത വഹിച്ചു. പൂർവവിദ്യാർഥിനികളായ മുനിസിപ്പൽ ചെയർപേഴ്സൺ ജയലക്ഷ്മി അനിൽകുമാർ, പത്രപ്രവർത്തകയായ സിസി ജേക്കബ്, വാർഡ് കൗൺസിലർ ഷേർളി ജോസ്, ഹെഡ്മിസ്ട്രസ് സിസ്റ്റർ മേബിൾ മേരി, എൻ.പി. ഡൊമിനിക്, കുമാരി ചിപ്പി ബേബി, പിടിഎ പ്രസിഡന്റ് ഡോ. പി.ജെ. ചാക്കോ എന്നിവർ പ്രസംഗിച്ചു. സ്റ്റാഫ് സെക്രട്ടറി ജെസി ആന്റണി വാർഷികറിപ്പോർട്ട് അവതരിപ്പിച്ചു. സർവീസിൽ നിന്നും വിരമിക്കുന്ന അധ്യാപകരായ സെലിൻ ജോൺ. പി.വി. ലൂസിയാമ്മ, ക്ലർക്ക് കെ.ജെ. എൽസമ്മ എന്നിവർ നന്ദിപ്രസംഗം നടത്തി.

## വാരാന്ത്യവീക്ഷണം

### കേരളത്തിൽ കുടുംബങ്ങളെ ഒന്നിപ്പിക്കാൻ സഹായകരമായ നീക്കം

കേരളം ഒരു ഉപഭോഗ സംസ്ഥാനമാണ്. ഇന്ത്യൻ ജനസംഖ്യയിൽ കേവലം മൂന്നു ശതമാനം മാത്രമായ നമ്മൾ വാങ്ങികൂട്ടുന്നതാകട്ടെ ഇന്ത്യയിൽ ഉത്പാദിപ്പിക്കുന്ന വസ്തുക്കളിൽ പതിനഞ്ചുശതമാനമാണ്. അതായത് ശരാശരി ഇന്ത്യക്കാരൻ വാങ്ങിച്ചു കൂട്ടുന്നതിനേക്കാൾ ഏതാണ്ട് അഞ്ചിരട്ടി മലയാളിവാങ്ങിച്ചുകൂട്ടുന്നുവെന്നാണ് കാണാൻ കഴിയുന്നത്. അതുകൊണ്ടു തന്നെ നമ്മൾ വാങ്ങിച്ചുകൂട്ടുന്നവരുടെ നാടായി മാറികൊണ്ടിരിക്കുന്നു. എന്നാൽ വ്യവസായ രംഗത്ത് മറ്റു സംസ്ഥാനങ്ങളെ അപേക്ഷിച്ച് നമ്മൾ വളരെ പിന്നിലാണ് താനും. കേരളത്തിലെ പ്രധാന നിർമ്മാണ പ്രവർത്തനവും അതുവഴി തൊഴിൽ മേഖലയും കെട്ടിട നിർമ്മാണം അല്ലെങ്കിൽ ഭവനനിർമ്മാണമാണ്. അവിടെ എത്തുന്നവരാകട്ടെ സംസ്ഥാനത്തിന് പുറത്തുനിന്ന് എത്തുന്ന തൊഴിലാളികളും.

ഏതാണ്ട് നാലഞ്ച് മാസം മുമ്പുവരെ കേരളത്തിൽ ഏറ്റവും കൂടുതൽ വിറ്റഴിക്കപ്പെട്ടിരുന്നത് ലോട്ടറിടിക്കറ്റുകൾ ആയിരുന്നു. ഒരുമാസം ഏതാണ്ട് അറുന്നൂറ് രൂപയുടെ ലോട്ടറിടിക്കറ്റുകൾ കേരളത്തിൽ വിറ്റഴിക്കപ്പെട്ടിരുന്നു. അതോടൊപ്പം അഞ്ഞൂറുരൂപയുടെ മദ്യവും ഇവിടെ ഒരോ മാസവും വിൽക്കപ്പെടുന്നു. അടിസ്ഥാന ഭക്ഷ്യവിഭവമായ അരിയ്ക്കുവേണ്ടി കേവലം ഇരുന്നൂറു കോടി രൂപ മാത്രം ചെലവഴിക്കുന്ന സാഹചര്യത്തിലാണ് മലയാളിയുടെ മനോഭാവങ്ങൾ വെളിപ്പെടുത്തുന്ന ഈ സാമ്പത്തിക വിനിയോഗം നടക്കുന്നത്.

അടുത്ത ദിവസങ്ങളിൽ നമ്മുടെ പ്രധാനമന്ത്രി ശ്രീ മൻമോഹൻസിംഗ് ഉദ്ഘാടനം ചെയ്ത വല്ലാർപാടം ടെർമിനലും തിരുവനന്തപുരം വിമാനത്താവളത്തിന്റെ വികസനങ്ങളും ശ്രദ്ധേയമായ നേട്ടങ്ങളാണ്. അതുപോലെ അവസാനം നമ്മുടെ മുഖ്യമന്ത്രി ഒപ്പുവച്ച സ്മാർട്ട് സിറ്റി പദ്ധതികളും കേരളം വ്യാവസായികമായി കുതിപ്പിനൊരുങ്ങുന്നുവെന്ന സൂചന നല്കുന്നുണ്ട്. അതോടൊപ്പം ഇൻഫോ പാർക്ക് പല നഗരങ്ങളിലും ആരംഭിക്കുന്നുവെന്നും ഇതിനുവേണ്ട സജ്ജീകരണങ്ങൾ പൂർത്തിയായി വരുന്നുവെന്ന വാർത്തകളും മലയാളിയ്ക്ക് പ്രതീക്ഷ നല്കുന്നുണ്ട്. തൊഴിലിനും വിദ്യാഭ്യാസത്തിനുവേണ്ടി നാടുവിടാൻ വിധിക്കപ്പെട്ടവരാണ് മലയാളികൾ എന്ന ചിന്ത സജീവമാണ്. ഇരുപത്തിയഞ്ചു ലക്ഷം വിദേശ മലയാളികൾ ഉണ്ടെന്നാണ് ഏകദേശകണക്കുകൾ. അതുപോലെ മൂന്നുലക്ഷ്യം വിദ്യാർത്ഥികൾ മറ്റു സംസ്ഥാനങ്ങളിൽ വിദ്യാഭ്യാസം തേടിപോകേണ്ടി വന്നിരിക്കുകയും ചെയ്തിരിക്കുന്നു. ഇതിനു പരിഹാരം കുറച്ചെങ്കിലും ഉണ്ടാകേണ്ടിയിരിക്കുന്നു. വിദ്യാഭ്യാസരംഗത്ത് കുറച്ചൊക്കെ മാറ്റം ഉണ്ടായിക്കഴിഞ്ഞു. എഞ്ചിനീയറിംഗ് സീറ്റുകൾ ഓരോ വർഷവും കേവലം 6500 ൽ നിന്നും 41000 ആയി മാറി. മെഡിക്കൽ സീറ്റാകട്ടെ കേവലം 800ൽ നിന്നും 2500 ആയി വളർന്നു.

ഇവിടെ തൊഴിൽ മേഖലയും വിദ്യാഭ്യാസമേഖലയും വളർന്നാൽ അത് കുടുംബങ്ങളിൽ ഭാര്യയ്ക്കും ഭർത്താവിനും മക്കൾക്കും ഒരുമിച്ചു താമസിക്കാൻ സാഹചര്യം ഒരുക്കും. അതു നമ്മുടെ കുടുംബബന്ധങ്ങളേയും സാമൂഹ്യബന്ധങ്ങളേയും ബലപ്പെടുത്തും. നമ്മുടെ കുടുംബം നമ്മുടെ സാസ്ക്കാരിക പശ്ചാത്തലത്തിൽത്തന്നെ നിലനിൽക്കാനും ഇടയാകും. ഇത് തീർച്ചയായും അനുഗ്രഹപ്രദമാണെന്ന് പറയേണ്ടതില്ലല്ലോ. പക്ഷേ അതിനുവേണ്ടി നമ്മൾ ഇനിയും വളരെയേറെ മുമ്പോട്ടു പോകേണ്ടതുണ്ടെന്നു മാത്രം.

### *മദർതെരേസയുടെ നാമത്തിൽ സർവ്വകലാശാലയിൽ പഠനപീഠം*

*ഇന്ത്യയിലെ ഏറ്റവും വലിയ യൂണിവേഴ്സിറ്റി മദർ തെരേസയുടെ നാമത്തിൽ ഒരു പഠനപീഠം (chair) സൃഷ്ടിക്കുന്നു. ഇന്ദിരാഗാന്ധി നാഷണൽ ഓപ്പൺ യൂണിവേഴ്സിറ്റിയാണ് മദർ തെരേസ ചെയർ എന്ന പേരിൽ പഠനകേന്ദ്രം ആരംഭിച്ചിരിക്കുന്നത്.*

*മാസ്റ്റർ ഓഫ് സോഷ്യൽ വർക്ക് കോഴ്സ് (MSW) കൂടാതെ എച്ച് .ഐ .വി ബാധിതർ, തെരുവുകുട്ടികൾ, അഭയാർത്ഥികൾ തുടങ്ങിയ സമൂഹത്തിലെ പാർശ്വവത്കരിക്കപ്പെട്ടവരെക്കുറിച്ചുള്ള പഠനങ്ങൾ ഈ കേന്ദ്രത്തിന്റെ നേതൃത്വത്തിൽ ക്രമീകരിക്കുമെന്ന് യൂണിവേഴ്സിറ്റി അധികൃതർ അറിയിച്ചു.*

**"Jagratha News"** - An internet news service is free and for private circulation
**Web:** www.kcbcsocialharmony.org
**Blog:** jagrathakcbc.blogspot.com
**Designed and Edited by** Fr. Philip Nelpuraparambil, Secretary, KCBC Commission for Social Harmony and Vigilance, P.O.C, P.B. No. 2251, Palarivattom, Kochi-25, INDIA